പാഠം 10

# എന്റെ വീട്



നമുക്ക് ഏറ്റവും ഇഷ്ടം നമ്മുടെ
വീട് തന്നെയാണ്. നമ്മുടെ വീട്ടിൽ
ഉള്ളവർ ആരൊക്കെയെന്ന് "എന്റെ
വീട്" എന്ന ഈ പാട്ടിലുണ്ട്.

എന്തു നല്ല വീട്
എന്റെ കൊച്ചു വീട്
അമ്മയുണ്ട് വീട്ടിൽ
അച്ഛനുണ്ട് വീട്ടിൽ
ഞാനുമുണ്ട് വീട്ടിൽ
നാമം ജപിക്കുന്ന അമ്മൂമ്മയുണ്ട്
കഥകൾ പറയുന്ന അപ്പൂപ്പനുണ്ട്
എന്തുനല്ല വീട്
എന്റെ കൊച്ചുവീട്

പൂച്ചയുണ്ട് വീട്ടിൽ
പട്ടിയുണ്ട് വീട്ടിൽ
കോഴിയുണ്ട് വീട്ടിൽ
ആടുമുണ്ട് വീട്ടിൽ
എന്തു നല്ല വീട്
എന്റെ കൊച്ചുവീട്



## വീട്ടിൽ ആരൊക്കെ

അമ്മൂമ്മ

അപ്പൂപ്പൻ

അച്ഛൻ

അമ്മ

ഞാൻ

## വീട്ടിൽ വളർത്തുന്നവ



ആട്



പട്ടി



..............



..............

## വായിച്ചു നോക്കാം



കാക്കയ്ക്കുണ്ടൊരു കൂട്
കോഴിയ്ക്കുണ്ടൊരു കൂട്
ആടിനുമുണ്ടൊരു കൂട്
പട്ടിയ്ക്കുണ്ടൊരു കൂട്
നമ്മൾക്കുള്ളത് വീട്

## വഴി കണ്ടെത്താം





## ചെറുതിനെ കുളത്തിലാക്കാം

ചെറിയ മീനിനു ചുറ്റും വട്ടം വരയ്ക്കുക



**വെള്ളത്തിൽ കാണുന്ന ഇവരുടെ പേരെഴുതാമോ ?**



------  ------  ------

വെള്ളത്തിൽ കാണുന്ന മറ്റു ജീവികളുടെ ചിത്രങ്ങൾ ഒട്ടിക്കുക

------  ------  ------

പാഠം 8

# അമ്മ




അമ്മ എന്റെ അമ്മ
എത്ര നല്ല അമ്മ
പാട്ടു പാടും അമ്മ
ഉമ്മ വയ്ക്കും അമ്മ
എന്നും എന്റെ അമ്മ
പാലു തരും അമ്മ
പാവ തരും അമ്മ
പാവമെന്റെ അമ്മ !



ഓടി എത്തും നേരമെന്നെ ഓമനിക്കും അമ്മ

| **വീട്ടുജോലികൾ** | **നമുക്കും സഹായിക്കാം** |
|---|---|
| വീട് അടിച്ചു വാരൽ | അടിച്ചു വാരാൻ |
| പാത്രം കഴുകൽ | പാത്രം കഴുകാൻ |
| ........................ | ........................ |
| ........................ | ........................ |
| ........................ | ........................ |
| ........................ | ........................ |

പാഠം 9

# മേഘം




## പാടി രസിക്കാം

### മേഘം

കറുത്ത മേഘം
കാർമേഘം
കാർമേഘത്തിൽ
ജലമുണ്ട്
ഇടിനാദത്തിൻ അറയുണ്ട്
മിന്നൽ പിണറിൻ ഒളിയുണ്ട്

**മേഘത്തിൽ എന്തുണ്ട് ?**

........................................................


........................................................

........................................................


# ഇലകൾ എണ്ണാം



# ഇതളുകൾ എണ്ണാം




# അടുത്തതെത്ര?








# പാട്ടുപാടാം




## മഴ വന്നോട്ടേ

വന്നാട്ടേ മഴ വന്നാട്ടേ
കാറ്റിനൊപ്പം വന്നാട്ടേ
വന്നാട്ടേ മഴ വന്നാട്ടേ
ഇടിയും വെട്ടി പെയ്താട്ടേ
കാറ്റും മഴയും ഒന്നിച്ചെൻ
മുറ്റം നിറയാൻ വന്നാട്ടേ
തുള്ളിച്ചാടി രസിച്ചു കളിക്കാൻ
പെരുമഴ വേഗം വന്നാട്ടേ

നിറം കൊടുക്കാം



## മഴവില്ലിനോട്

നിറം മുഴുവനാക്കാം

തെളിയാൻ തുടങ്ങണ മാനത്ത്
ഒളിഞ്ഞിരിക്കും മഴവില്ലേ
വിരുന്നു കൂടാൻ വരുമോ നീ
കുരുന്നു മുത്തം നൽകീടാം



**കുടക്ക് മഴവില്ലിന്റെ നിറം നൽകാം**



മഴവില്ലിന് എത്ര നിറങ്ങൾ?

.....................

ഇഷ്ടപ്പെട്ട നിറം

.....................

## പാടി രസിക്കാം

നിറം കൊടുക്കാം



പിന്നം ചിന്നം മഴ പെയ്തു
പിന്നേം പിന്നേം മഴ പെയ്തു
മുറ്റത്താകെ മഴവെള്ളം
പറമ്പിലാകെ മഴവെള്ളം
തുള്ളിച്ചാടി രസിച്ചല്ലോ
വെള്ളം തട്ടി രസിച്ചല്ലോ
അമ്മയിറങ്ങി വരുന്നേ
വേഗം ഓടി ഒളിച്ചീടാം





# വാക്കുണ്ടാക്കാം



ഈ പാഠത്തിൽ നമുക്ക് പുതിയ വാക്കുകൾ പരിചയപ്പെടാം. ഒപ്പം പുതിയ വാക്കുകൾ എഴുതുകയുമാകാം

## വാക്കുകൾ എഴുതാം




## ഊണ് കഴിക്കാം




**ഏത്ര വാക്കുകൾ?**

ക — റി — കറി
ക — ട — ___
ക — ലം — ___

## വാക്കുകൾ ഉണ്ടാക്കാം




### വാക്കുകൾ എഴുതാം




തുമ്പ

### വായിക്കാം

| | |
|---|---|
| കുട്ടൻ മുട്ട വാങ്ങി | അമ്മാവൻ വന്നല്ലോ |
| വട്ടിയിലിട്ടു | സമ്മാനം തന്നല്ലോ |
| മുട്ട തട്ടിപ്പൊട്ടി | അമ്മായി വന്നല്ലോ |
| കുട്ടന് മൊട്ട കിട്ടി | ഉമ്മകൾ തന്നല്ലോ |

### വാക്കുകളുണ്ടാക്കാം




അത്ത




പൊട്ട്

### വാക്കുകളുണ്ടാക്കാം




മഞ്ഞ

### വായിക്കാം

ഒറ്റത്തുള്ളി വെള്ളം കൊണ്ടൊരു പുഴയുണ്ടാകില്ല
ഒന്നിച്ചൊന്നായ് പെയ്യും തുള്ളികൾ പുഴയായി മാറുന്നു. അതു വലിയൊരു കടലായ് മാറുന്നു.

## തരം തിരിക്കാം



| വെള്ളത്തിൽ കാണുന്നവ | കരയിൽ കാണുന്നവ |
|---|---|
| മീൻ | തവള |
| തവള | ആമ |
| ആമ | പൂച്ച |
| ............ | ............ |
| ............ | ............ |
| ............ | ............ |

വെള്ളം വിലയേറിയതാണ്.
ഒരു തുള്ളി പോലും പാഴാക്കരുത്.



## എഴുതാം വായിക്കാം

കുടിക്കാൻ വെള്ളം വേണം
കുളിക്കാൻ ............ വേണം
അലക്കാൻ ............ ............
............ വെറുതെ കളയരുതേ

## വെള്ളത്തിൽ എന്തെല്ലാം ?


വെള്ളത്തിൽ മീൻ ഉണ്ട്
വെള്ളത്തിൽ ............ ............
........................................
........................................
........................................

## തവളകൾ പറയുന്നതെന്തെന്ന് എഴുതാമോ ?




........................................
........................................

## നടുവിലുള്ളവർ എത്ര ?



| | | |
|---|---|---|
| 1 | ..... | 3 |

എത്ര കുടം ?



കുടങ്ങൾ ....................

3 കുടം കൂടി വരയ്ക്കാം

## പലതുള്ളി പെരുവെള്ളം



## കുടയിൽ എത്ര തുള്ളി?



കുടയിൽ 3

പുറത്ത് 2


ആകെ 3 + 2 = 5



കുടയിൽ ....................

പുറത്ത് ....................

ആകെ + =



....................

....................


....................

# എണ്ണാൻ പഠിക്കാം



എണ്ണാൻ അറിഞ്ഞാലേ ഉണ്ണാൻ പറ്റുകയുള്ളൂ. എളുപ്പത്തിൽ എണ്ണം പഠിക്കാൻ ചില നുറുങ്ങു വിദ്യകൾ ഈ പാഠത്തിലുണ്ട്

## എണ്ണാം നിറം നൽകാം



1

2

3

4

5



## ഊഞ്ഞാലു കെട്ടാം




ഊഞ്ഞാലാടാൻ വരിയായ്

നിൽക്കുന്നവർ..............

പെൺകുട്ടികൾ ............

ആൺകുട്ടികൾ ............

പാഠം 3



# മഴ

മഴ നനയാനും വെള്ളത്തിൽ കളി
ക്കാനും ഇഷ്ടമില്ലാത്ത കുട്ടികളാ
രുമില്ലല്ലോ. നമുക്ക് മഴയെക്കുറിച്ച്
ഒരു പാട്ട് പഠിക്കാം.

മഴ മഴ മഴ മഴ മാനത്ത്
പുഴ പുഴ പുഴ പുഴ താഴത്ത്
മഴ മഴ മഴ മഴ മാനത്ത്
തുള്ളികൾ തുള്ളികൾ താഴേക്ക്

കള കള കള കളാരവമായ്
പുഴകൾ നീന്തിപ്പായുന്നു
പോക്രാം പോക്രാം പാട്ടുകൾ പാടി
തവളകൾ പാടി രസിക്കുന്നു
വെള്ളിച്ചിറകുകൾ വീശി പറവകൾ
പാട്ടും പാടി പാറുന്നു



## വായിക്കാം യോജിപ്പിക്കാം

മഴത്തുള്ളി


പുഴ

പറവ

തവള



## മഴത്തുള്ളികൾക്ക് നിറം കൊടുക്കാം



## ആനയെ വരയ്ക്കാം



## മേഘത്തിന് നിറം നൽകാം



## ആമയെ വരയ്ക്കാം






## വീട് വരയ്ക്കാം



## വഴി കണ്ടെത്താം (മഴക്ക് നിറം നൽകണം)



പാഠം 4

# വെള്ളം



വെള്ളം ജീവനാണ് കൂട്ടുകാരേ. വെള്ളമെങ്ങനെ പാഴാക്കാതെ ഉപയോഗിക്കാമെന്ന് നമുക്ക് ഈ പാഠത്തിലൂടെ പഠിക്കാം.

കിണറ്റിലുണ്ട് വെള്ളം
കുളത്തിലുണ്ട് വെള്ളം
തോട്ടിലുണ്ട് വെള്ളം
പുഴയിലുമുണ്ട് വെള്ളം
കായലിലുണ്ട് വെള്ളം
കടലിലുമുണ്ട് വെള്ളം
പരിമിതമാണേ കുടിവെള്ളം





## വെള്ളം എന്തിനൊക്കെ ?

കുടിക്കാൻ
കുളിക്കാൻ
അലക്കാൻ
..............................
..............................
..............................

## വെള്ളം എവിടുന്നൊക്കെ ?

കിണറ്റിൽ നിന്ന്
കുളത്തിൽ നിന്ന്
..............................
..............................
..............................

### ചൊല്ലി നോക്കാം

ജലമാണ് ജീവൻ
ജലമാണ് ജനനി
ജലമാണ് സർവ്വം

## എത്രവെള്ളം വേണം?


കുളിക്കാൻ ..............................
കൈ കഴുകാൻ ..............................
പല്ലുതേക്കാൻ ..............................
..............................
..............................
..............................



**വെള്ളം പാഴാകാതിരിക്കാൻ ബക്കറ്റ് വരയ്ക്കാം**

പാഠം 1

## ചിത്രം നോക്കി കഥ പറയാം




പാഠം 2

# എഴുതാൻ പഠിക്കാം





കൂട്ടുകാരേ, വരകളാണ് അക്ഷരങ്ങളായി രൂപം കൊള്ളുന്നത്. ഈ പാഠം നിങ്ങൾക്ക് വരച്ചു പഠിക്കാനുള്ളതാണ്. പുത്തൻ അക്ഷരങ്ങൾക്കായി...

## പെൻസിലിന്റെ പുറകെ പോകാം



## തവള ചാടിയ വഴി വരയ്ക്കാം






## വഴി വരയ്ക്കാം



## മീനിന്റെ പുറകെ പോകാം



## മഴ പെയ്യിയ്ക്കാം



## കുട വരയ്ക്കാം, നിറം നൽകാം

